പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1293 — 03.10.2016 ൽ മറുപടിക്ക്

## സിവിൽ ഏവിയേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) എത്ര സംസ്ഥാനങ്ങളിൽ സിവിൽ ഏവിയേഷൻ വകുപ്പുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |
| (ബി) കേരളത്തിൽ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉള്ളതിനാൽ ഇവിടെ സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സിവിൽ ഏവിയേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഗതാഗത വകുപ്പിൽ കൈകാര്യം ചെയ്തു വരുന്നുണ്ട്. സിവിൽ ഏവിയേഷനു മാത്രമായി ഒരു വകുപ്പു രൂപീകരിക്കുന്ന കാര്യം തല്ക്കാലം പരിഗണനയിൽ ഇല്ല. |
| (സി) കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കാൻ സാധിക്കാത്ത സാഹചര്യത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 2013 ൽ വ്യോമയാന രംഗത്ത് പഠനം നടത്തുന്ന അന്താരാഷ്ട്ര ഏജൻസിയായ MITRE (Centre for Advanced Aviation System Development, USA) കോഴിക്കോട് എയർപോർട്ടിന്റെ പ്രവർത്തന സുരക്ഷയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. 2014 ൽ CRRI ( Centre for Road Research Institute, New Delhi) കോഴിക്കോട് എയർപോർട്ടിന്റെ റൺവേയെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ